# അക്കാദമിക മാസ്റ്റർപ്ലാൻ

## കെ.എസ്.യു.പി.എസ്

## തൊട്ടിപ്പാൾ

# 2025-26 അക്കാദമിക വർഷത്തെ തനതു പ്രവർത്തനം

പ്ലാസ്റ്റിക് മാലിന്യം കുറയ്ക്കുന്നതിനും പരിസ്ഥിതിയെ സംരക്ഷിക്കുന്നതിനുമായി പ്ലാസ്റ്റിക് free Campus എന്ന ലക്ഷ്യം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്കൂൾ Compoundൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ വലിച്ചെറിയാതിരിക്കാൻ, പ്ലാസ്റ്റിക് waste കൾ നിക്ഷേപിക്കാൻ ഒരു basket വെയ്ക്കാൻ തീരുമാനിച്ചു. അതുപോലെ ഓരോ ക്ലാസിലും പ്ലാസ്റ്റിക് മാലിന്യം, മറ്റു മാലിന്യങ്ങൾ എന്നിവ നിക്ഷേപിക്കാൻ വെവ്വേറെ waste bin കൾ വെയ്ക്കുകയും ചെയ്തു.

ഗണിതശാസ്ത്ര കണക്കുകൂട്ടലുകളുടെ അടിസ്ഥാനം ഗണിതശാസ്ത്ര പട്ടികകളാണ്. ഈ പട്ടികകളെ അടിസ്ഥാനമാക്കി ഗുണനവും ഹരണവും സംബന്ധിച്ച പ്രശ്നങ്ങൾ നമുക്ക് എളുപ്പത്തിലും വേഗത്തിലും പരിഹരിക്കാൻ കഴിയും. അതിനാൽ ഗുണനവസ്തുതകൾ ആർജ്ജിക്കുന്നതിനുവേണ്ടി എല്ലാദിവസവും 9.30 മുതൽ 9.45 വരെ ഗുണനപട്ടികകൾ ക്ലാസ് ടീച്ചേഴ്സിന്റെ നേതൃത്വത്തിൽ ചൊല്ലി പഠിക്കാൻ അവസരം നൽകുകയും അത് HM വിലയിരുത്തുകയും ചെയ്യുന്നു. കൂടാതെ ഓരോ ദിവസവും ഓരോ ക്ലാസിൽ നിന്നും ഒരു കുട്ടി വീതം ഗുണനപട്ടിക കാണാതെ അസംബ്ലിയിൽ ചൊല്ലുകയും ചെയ്യുന്നു.

ചുറ്റുമുള്ള ലോകത്തെക്കുറിച്ച് കൂടുതൽ പഠിക്കാൻ മനസിലാക്കാൻ പൊതുവിജ്ഞാനം ഏറെ സഹായകരമാണ്. ചെറുപ്പത്തിൽ തന്നെ കുട്ടികൾക്ക് പൊതുവിജ്ഞാനത്തിന്റെ ശക്തമായ അടിത്തറ ലഭിക്കുമ്പോൾ വിദ്യാഭ്യാസത്തിലും ജീവിതത്തിലും എണ്ണമറ്റ അവസരങ്ങളിലേക്കുള്ള വാതിലുകൾ തുറക്കപ്പെടുന്നു. അതിനാൽ ഒന്നാം ക്ലാസ്സ് മുതൽ ഏഴാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് എല്ലാ ആഴ്ചയും 10 GK Questions നൽകുന്നു. ഓരോ ക്ലാസിൽ നിന്നും 2 കുട്ടികളെ വീതം വിളിച്ച് അസംബ്ലിയിൽ വച്ച് HM GK Questions ചോദിക്കുന്നു. ശരിയുത്തരം പറയുന്നവർക്ക് മെഡലുകൾ നൽകുകയും ചെയ്യുന്നു.

ഇംഗ്ലീഷ്, ഹിന്ദി, മലയാളം, സംസ്കൃതം എന്നീ ഭാഷകളിലെല്ലാം കുട്ടികൾക്ക് പേര്, അഡ്രസ്സ് എന്നിവ എഴുതാൻ കഴിയുന്ന തരത്തിൽ പരിശീലനം നൽകുന്നു.

പഴഞ്ചൊല്ലുകൾ - പറഞ്ഞു പഴകിയ ചൊല്ലുകൾ. പൂർവ്വികരുടെ അനുഭവസമ്പത്തിൽ നിന്നുളവായ മുത്തുമണികൾ ചെറുവാക്യമോ വാക്യങ്ങളോ ആയി കാണപ്പെടുന്ന പഴമൊഴികളിൽ വലിയ ആശയങ്ങൾ അടങ്ങിയിരിക്കുന്നു. പഴഞ്ചൊല്ലുകൾ ജീവിതാനുഭവങ്ങളെയും ചിന്തകളെയും ലളിതവും ആകർഷകവുമായ രീതിയിൽ അവതരിപ്പിക്കുന്ന ഒരു നിധിയാണ്. പഴഞ്ചൊല്ലുകളും ആശയങ്ങളും കുട്ടികളിൽ എത്തിക്കുകയെന്ന ലക്ഷ്യം മുൻനിറുത്തി എല്ലാദിവസവും രാവിലെ 9.15 മുതൽ 9.30വരെ അധ്യാപകർ പരിശീലനം നൽകുന്നു. വർഷാവസാനത്തിൽ UP കുട്ടികൾ 50 പഴഞ്ചൊല്ലുകളും LP കുട്ടികൾ 25 പഴഞ്ചൊല്ലുകളും പഠിക്കണമെന്ന ലക്ഷ്യത്തിലെത്താൻ തീരുമാനിച്ച് മുന്നോട്ട് പോകുന്നു.

## ജൂൺ

ജൂൺ 1 പ്രവേശനോത്സവം ഗംഭീരമായി ആഘോഷിക്കുന്നു. പിടിഎ അംഗങ്ങളുടെ സഹായത്തോടെ സ്കൂളും പരിസരവും വർണാഭമാക്കി അലങ്കരിക്കുന്നു. ബ്ലോക്ക് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംങ് കമ്മിറ്റി ചെയർമാൻ ഉദ്ഘാടനം, PTA പ്രസിഡണ്ട് അധ്യക്ഷൻ, നവാഗതരെ സ്വീകരിക്കൽ വാർഡ് മെമ്പർ, ആശംസകൾ, പഠനോപകരണ വിതരണം ചെയ്യൽ, മധുരപലഹാര വിതരണം എന്നീ പരിപാടികളോടെ നടത്തുന്നു.
നവാഗതരായ എല്ലാ വിദ്യാർത്ഥികൾക്കും ബാഡ്ജ്, പൂവ്, ബലൂൺ, പുസ്തകം, പഠനോപകരണങ്ങൾ എന്നിവ നൽകി ആനയിക്കുന്നു. കുട്ടികൾക്കും രക്ഷിതാക്കൾക്കും വിഭവസമൃദ്ധമായ ഉച്ചഭക്ഷണം നൽകുന്നു.

ജൂൺ 5 ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈകൾ നൽകുന്നു. കുട്ടികൾക്കായി പരിസ്ഥിതിദിന പോസ്റ്റർ നിർമ്മാണം, ക്വിസ് മത്സരം നടത്തുന്നു. അസംബ്ലിയിൽ സ്കിറ്റ് അവതരിപ്പിക്കുന്നു.

ജൂൺ 19 വായനാദിനത്തോടനുബന്ധിച്ച് ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്യുന്നു. പോസ്റ്റർ നിർമ്മാണം, വായനാമത്സരം, പ്രസംഗ മത്സരം എന്നിവ നടത്തുന്നു. അസംബ്ലിയിൽ

വായനാദിന കവിത, വായനാക്കുറിപ്പ് അവതരണം P.N. പണിക്കർ ജീവചരിത്രക്കുറിപ്പ് എന്നിവ അവതരിപ്പിക്കുന്നു.

ജൂൺ 21 അന്താരാഷ്ട്രയോഗാദിനത്തിൽ യോഗ ക്ലാസ് സംഘടിപ്പിക്കുന്നു.

ജൂൺ 26 ലോകലഹരിവിരുദ്ധദിനത്തിൽ റാലി, ബോധവൽക്കരണ ക്ലാസ് എന്നിവ നടത്തുന്നു. കുട്ടികൾക്കായി പോസ്റ്റർ നിർമ്മാണം, ക്വിസ് മത്സരം എന്നിവയും നടത്തുന്നു.

## ജൂലായ്

ജൂലായ് 5 ബഷീർ ചരമദിനത്തോടനുബന്ധിച്ച് ക്വിസ് മത്സരം, അസംബ്ലിയിൽ ബഷീർ കൃതികൾ പരിചയപ്പെടുത്തൽ, പാത്തുമ്മയുടെ ആട് സ്കിറ്റ് അവതരണം എന്നീ പരിപാടികൾ സംഘടിപ്പിക്കുന്നു.

ജൂലായ് 7 ലോകഭൂപടദിനത്തിൽ ഭൂപടം പരിചയപ്പെടുത്തുകയും മാപ്പ് നിർമ്മാണ മത്സരം നടത്തുകയും ചെയ്യുന്നു.

ജൂലായ് 18 കർക്കടക മാസാചരണത്തോടനുബന്ധിച്ച് രാമായണ പാരായണവും ഔഷധകഞ്ഞി വിതരണവും നടത്താൻ തീരുമാനിച്ചു.

സ്കൂൾ ലൈബ്രറി സന്ദർശിച്ച് പുസ്തകങ്ങൾ തരംതിരിച്ച് പരിചയപ്പെടുത്തുന്നു. അസംബ്ലിയിൽ വായനാക്കുറിപ്പുകളുടെ അവതരണം, പതിപ്പ് തയ്യാറാക്കൽ എന്നിവ നടത്തുന്നു. വിജ്ഞാന ക്വിസ് മത്സരങ്ങൾ നടത്തുന്നു.

എല്ലാ വിഷയങ്ങളുമായി ബന്ധപ്പെട്ട് വരുന്ന ICT സാധ്യതകൾ ലിസ്റ്റ് ചെയ്യുന്നു. പാഠഭാഗവുമായി ബന്ധപ്പെട്ട വീഡിയോസ് കുട്ടികളെ കാണിക്കുന്നു. കുട്ടികൾക്ക് കമ്പ്യൂട്ടറിൽ വിദഗ്ധ പരിശീലനം നൽകുന്നു. അധ്യാപകർക്കെല്ലാം കമ്പ്യൂട്ടറിൽ സാങ്കേതിക പരിശീലനം കിട്ടിയിട്ടുണ്ട്.

പ്ലാസ്റ്റിക് രഹിത വിദ്യാലയം, പാഴ്‌വസ്തുക്കൾ, മാലിന്യങ്ങൾ - ജൈവം, അജൈവം എന്നിങ്ങനെ തരംതിരിച്ച് ശേഖരിക്കുന്നു.

ദിനാചരണങ്ങൾ, ബോധവൽക്കരണ ക്ലാസുകൾ, ക്വിസ്, പ്രസംഗമത്സരങ്ങൾ, അഭിമുഖങ്ങൾ, സ്കിറ്റുകൾ എന്നിവ നടത്തിവരുന്നു. സ്കൂൾ പാർലമെന്റ്, എല്ലാ ആഴ്ചയും കരാട്ടെ ക്ലാസുകൾ എന്നിവ നടത്തി വരുന്നു. ഫീൽഡ് ട്രിപ്പുകൾ, പഠനയാത്രകൾ, പ്രകൃതിനടത്തം എന്നിവ സംഘടിപ്പിക്കുന്നു. ഓരോ മാസവും മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ നടത്തുന്നു.

പ്രവൃത്തിപരിചയ രംഗങ്ങളിൽ അധ്യാപകരുടെ നേതൃത്വത്തിൽ പരിശീലനം, LSS, USS പരീക്ഷകൾക്ക് പ്രത്യേക പരിശീലനം എന്നിവ നൽകുന്നു. സ്മാർട്ട് ക്ലാസ് റൂം വഴി കുട്ടികൾക്ക് പഠനാനുഭവം നൽകുന്നു. ഗണിതശാസ്ത്ര സാമൂഹ്യ മത്സരങ്ങളിൽ പങ്കെടുക്കുന്നതിനായി പ്രത്യേക പരിശീലനം, ചിത്രരചനാ പരിശീലനം എന്നിവ നടത്തുന്നു.

കുട്ടികളുടെ പരിമിതികൾ മറികടക്കുന്നതിന് വ്യക്തിഗത പിന്തുണ ഓരോ കുട്ടിക്കും നൽകുന്നു. ഇടക്കിടെക്കുള്ള ആരോഗ്യ പരിശോധനാ ക്യാമ്പുകളും തുടർ ഇടപെടലും നൽകുന്നു. അടിസ്ഥാന ധാരണകളിലും ശേഷികളിലും പരിമിതി ഉള്ളവർക്ക് പ്രത്യേക പിന്തുണ നൽകുന്നു. ഭിന്നശേഷി കുട്ടികളെ അനുരൂപീകരണ പ്രവർത്തനങ്ങളിലൂടെ പൊതുധാരയിൽ എത്തിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.

കുട്ടികളിൽ സാമൂഹ്യബോധവും ജനാധിപത്യബോധവും മതേതരചിന്തയും വളരുന്നതിനുള്ള അവസരം ഒരുക്കുന്നു. മത്സര പരീക്ഷകളിൽ മികച്ച വിജയം നേടുന്നതിന് പ്രാപ്തരാക്കുന്നു. വൈകാരിക സാമൂഹ്യ സുരക്ഷ ഉറപ്പു വരുത്തുന്നു.

രക്ഷാകർത്താക്കളുടെ നിരന്തരമായ ഇടപെടലുകളും പിന്തുണയും വിദ്യാലയത്തിലേക്ക് ഉറപ്പ് വരുത്തുന്നു. എല്ലാ കുട്ടികളുടെയും പഠനപുരോഗതി ലക്ഷ്യം വെച്ച് സ്കൂൾ വിഭവങ്ങൾ പ്രയോജനപ്പെടുത്തുകയും അധ്യാപകരും മേലധികാരികളും പരസ്പര സഹകരണത്തോടെ വിദ്യാലയത്തെ ഒരു യൂണിറ്റാക്കി പ്രവർത്തിക്കുന്ന സാഹചര്യം സൃഷ്ടിക്കുന്നു. ശക്തവും ശാസ്ത്രീയവുമായ മോണിറ്ററിങ് സംവിധാനങ്ങൾ പിന്തുടരുന്നു. നിരന്തരമായ വിലയിരുത്തലിലൂടെ കുട്ടികളുടെ പഠനപുരോഗതിയുടെ, പഠന ബോധന പദ്ധതികളുടെ മികവ് ഉറപ്പ് വരുത്തുന്നു.

പ്രവർത്തനാധിഷ്ഠിതമായ പഠനാനുഭവങ്ങൾ ലഭ്യമാക്കുന്നു. പഠനത്തിൽ ഉയർന്ന ചിന്താതലങ്ങൾക്ക് പ്രാധാന്യം നൽകുന്നു. ആഴത്തിലുള്ള പഠനം സാധ്യമാക്കാനാവശ്യമായ വിദഗ്ധ പിന്തുണ ഉറപ്പാക്കുന്നു. പഠനം ക്ലാസ് മുറിയിൽ നിന്ന് വെളിയിലേക്ക് വ്യാപിപ്പിക്കുന്നു. നേടിയ അറിവും കഴിവും സമൂഹത്തിന്റെ മുന്നിൽ പ്രകടിപ്പിക്കാനുള്ള അവസരം ഒരുക്കുന്നു. കുട്ടികളുടെ പ്രായത്തിനും വികാസ ഘട്ടങ്ങൾക്കും പരിഗണന നൽകിക്കൊണ്ടുള്ള പഠനബോധന സമ്പ്രദായങ്ങൾ ആവിഷ്ക്കരിക്കുന്നു.

അധ്യാപകർക്ക് മികച്ചതും ആധുനികവുമായ പരിശീലനം ലഭ്യമാക്കുന്നു. കാലികമായ വിജ്ഞാന വളർച്ച എല്ലാ അധ്യാപകരിലും ഉറപ്പാക്കുന്നു. വിവരസാങ്കേതിക സ്രോതസ്സുകൾ ലഭ്യമാക്കുകയും അധ്യാപകർക്ക് അറിവിലേക്ക് ആവശ്യമായ നൈപുണി വികസനം ഉറപ്പ് വരുത്തുകയും ചെയ്യുന്നു. എല്ലാ ക്ലാസ്സുകളിലും ഹൈടെക് സാധ്യത, ഇന്റർനെറ്റ് സാധ്യത എന്നിവ ഉറപ്പ് വരുത്തുകയും ചെയ്യുന്നു. എല്ലാ ക്ലാസ്സുകളിലും മികച്ച ക്ലാസ്സ് ലൈബ്രറിയും പുസ്തക ഡിസ്പ്ലേയും ഉറപ്പു വരുത്തുന്നു. സ്കൂൾ റഫറൻസ് ലൈബ്രറിയും റീഡിംഗ് റൂം എന്നിവ ശാക്തീകരിക്കുന്നു. പഠനസാമഗ്രികൾ സമയബന്ധിതമായി ലഭ്യമാക്കുന്നു.

ജൂലായ് 21 ചാന്ദ്രദിനത്തിൽ സ്കിറ്റ്, ചാന്ദ്രദിന ക്വിസ്, ചുമർപത്രിക നിർമ്മാണം, അമ്പിളിമാമൻ- കവിതാലാപനം എന്നിവ നടത്തുന്നു.

ജൂലായ് 23 സ്കൂൾ ലീഡർ തിരഞ്ഞെടുപ്പ്

പ്രസിഡൻഷ്യൽ രീതിയിൽ തിരഞ്ഞെടുപ്പ് ചട്ടങ്ങൾ പാലിച്ചുകൊണ്ട് സ്കൂൾ ലീഡറെ തിരഞ്ഞെടുക്കുന്നു.

ജൂലായ് 27 ഡോ. A PJ അബ്ദുൾ കലാം ചരമദിനം. പുഷ്പാർച്ചന, ലഘുജീവചരിത്രക്കുറിപ്പ്, പ്രസംഗം, ചുമർപത്രിക പ്രദർശനം എന്നിവ അസംബ്ലിയിൽ നടത്തുന്നു

## ആഗസ്റ്റ്

ആഗസ്റ്റ് 6 ഹിരോഷിമദിനവുമായി ബന്ധപ്പെട്ട് ചിത്രപ്രദർശനം, സ്കിറ്റ്, പോസ്റ്റർമത്സരം എന്നിവ അവതരിപ്പിക്കുന്നു.

ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനത്തിൽ പതാക ഉയർത്തൽ, പതാകഗാനം, ദേശഭക്തിഗാനം ആലപിക്കൽ, സ്വാതന്ത്ര്യദിന സന്ദേശം നൽകൽ മധുരപലഹാര വിതരണം,
കുട്ടികൾക്കായി ദേശഭക്തിഗാനമത്സരം, സ്വാതന്ത്ര്യ സമരക്വിസ്, ദേശീയ പതാക ചിത്രം വരയ്ക്കൽ, മഹത് വചനങ്ങൾ ശേഖരിക്കൽ എന്നി പരിപാടികൾ സംഘടിപ്പിക്കുന്നു.

ആഗസ്റ്റ് 17 ചിങ്ങം 1 കർഷകദിനം
നാട്ടറിവുശേഖരണം, ഫാൻസിഡ്രസ്സ്, കൃഷിപ്പാട്ട്,

## സെപ്തംബർ

സെപ്തംബർ 5 അധ്യാപകദിനത്തോട സംബന്ധിച്ച് പഴയകാല അധ്യാപകരെ ആദരിക്കുന്നു അവർക്ക് ആശംസാകാർഡുകൾ നിർമ്മിച്ച് നൽകുവാനും തീരുമാനിച്ചു.

സെപ്തംബർ 14 ഹിന്ദിദിനത്തിൽ കുട്ടികളുടെ ഹിന്ദി കവിത, കഥ, പ്രസംഗം എന്നിവ അസംബ്ലിയിൽ അവതരിപ്പിക്കൽ.

സെപ്തംബർ 18 ലോകമുളദിനത്തോടനുബന്ധിച്ച് വേലൂപ്പാടം ബാംബുസെറ്റത്തിലേക്ക് പഠനയാത്ര നടത്തുന്നു.

## ഒക്ടോബർ

ഒക്ടോബർ 1 ലോകവൃദ്ധദിനം
നാട്ടിലെ മുതിർന്ന പ്രായം ചെന്ന വ്യക്തികളെ ആദരിക്കുന്നു.

ഒക്ടോബർ 2 ഗാന്ധിജയന്തി ദിനാഘോഷവുമായി ബന്ധപ്പെട്ട് പരിസരശുചീകരണം, ഗാന്ധിക്വിസ്, ഗാന്ധിജിയുടെ ചിത്രപ്രദർശനം, ഗാന്ധി വചനങ്ങൾ, സർവ്വമതപ്രാർത്ഥന നടത്തുന്നു.

ഒക്ടോബർ 9 ലോകതപാൽദിനം
പോസ്റ്റ്ഓഫീസ് സന്ദർശനം, തപാൽസ്റ്റാമ്പ് ശേഖരണം, കത്തുകൾ, കാർഡുകൾ അയക്കൽ എന്നി പ്രവർത്തനങ്ങൾ

## നവംബർ

നവംബർ 1 കേരളപിറവി ദിനത്തിൽ കേരളത്തിന്റെ ചരിത്രം, കേരളഗാനം എന്നിവ അസംബ്ലിയിലും കുട്ടികൾക്കായി കേരള ചരിത്ര ക്വിസും നടത്താൻ തീരുമാനിച്ചു.

നവംബർ 12 Dr. സാലിം അലി ജന്മദിനം. കേരളത്തിലെ പക്ഷികളെക്കുറിച്ച് ആൽബം, ഡോ. സാലിം അലിയുടെ ജീവചരിത്രം അസംബ്ലിയിൽ.

നവംബർ 14 ശിശുദിനം ആഘോഷവുമായി ബന്ധപ്പെട്ട് ചാച്ചാജി വേഷമണിയിൽ, നെഹ്റു-പ്രഭാഷണം, ശിശുദിനഗാനം, ഡാൻസ്, സ്കിറ്റ്, നെഹ്റു കഥ പറയൽ, നെഹ്റു വചനങ്ങൾ എന്നിവ അസംബ്ലിയിൽ നടത്തുന്നു.

നവംബർ 19 മാതൃദിനത്തിൽ അമ്മമാരുടെ യോഗം, അമ്മമാരെ ആദരിക്കൽ

## ഡിസംബർ

ഡിസംബർ 23 ക്രിസ്തുമസ് ആഘോഷം ക്രിസ്തുമസ് കരോൾ ഗാനങ്ങൾ, പുൽക്കൂട് നിർമ്മാണം, ക്രിസ്തുമസ് ട്രീ അലങ്കരിക്കൽ, ഡാൻസ്, ക്രിസ്തുമസ് പപ്പയെ സ്വീകരിക്കൽ, കേക്ക് വിതരണം ക്രിസ്തുമസ് കാർഡ് തയ്യാറാക്കൽ തുടങ്ങി പ്രവർത്തനങ്ങൾ

## ജനുവരി

ജനുവരി 1 നവവത്സരദിനം
പുതുവത്സരാഘോഷം

ജനുവരി 19 വൈക്കം മുഹമ്മദ് ബഷീർ ജന്മദിനം. ബഷീറിനേയും ബഷീർ കൃതികളേയും അസംബ്ലിയിൽ പരിചയപ്പെടുത്തൽ.

ജനുവരി 26 റിപ്പബ്ലിക് ദിനത്തിൽ പതാക ഉയർത്തൽ, ദേശഭക്തിഗാനം ആലാപനം, സന്ദേശം നൽകൽ

ജനുവരി 30 ഗാന്ധിജി രക്തസാക്ഷിത്വ ദിനം. മൗനപ്രാർത്ഥന, ആദരാഞ്ജലികൾ അർപ്പിക്കൽ, സ്വാതന്ത്ര്യസമരവും ഗാന്ധിജിയും എന്ന വിഷയത്തിൽ പ്രസംഗമത്സരം എന്നിവ നടത്തുന്നു.

## ഫെബ്രുവരി

ഫെബ്രുവരി 2 ലോകതണ്ണീർത്തടദിനം
തണ്ണീർത്തടങ്ങളും അവയുടെ സംരക്ഷണവും, കണ്ടൽ കാടുകളുടെ സംരക്ഷണം എന്നീ വിഷയങ്ങളിൽ അസംബ്ലിയിൽ പ്രസംഗാവതരണം.

ഫെബ്രുവരി 21 മാതൃഭാഷാദിനം
മലയാള ഭാഷയുടെ പ്രാധാന്യം. മലയാളഭാഷ നന്നായി കൈകാര്യം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചു.

# മാർച്ച്

മാർച്ച് 22 ലോകജലദിനം

ജലസംരക്ഷണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന പോസ്റ്റർ ഉണ്ടാക്കുന്നു.

## മലയാളം ക്ലാസ് 1

### ലക്ഷ്യം

അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുക. എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനുമുള്ള ശേഷിയുള്ളവരാക്കുക.

### പ്രവർത്തനങ്ങൾ

#### ജൂൺ

ചിത്രവായന, അക്ഷരക്കാർഡ്, നിറം നൽകൽ, ചിത്രകാർഡുകൾ

#### ജൂലൈ

അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കൽ, അക്ഷരക്കാർഡ്, പഠിച്ച അക്ഷരങ്ങൾ കണ്ടെത്തൽ, വട്ടം വരയ്ക്കൽ, നിറം നൽകൽ ചിത്രവായന, പദങ്ങൾ എഴുത്ത്, വായന

#### ആഗസ്റ്റ്

അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ച് വരുന്ന പദങ്ങൾ, ആവർത്തിക്കുന്ന പദങ്ങൾ കണ്ടെത്തി വട്ടം വരയ്ക്കൽ, അടിയിൽ വരയ്ക്കൽ, പദക്കാർഡ്, ആഭരണമണിയിക്കൽ, അക്ഷരമരം

#### സെപ്റ്റംബർ

പദക്കാർഡ്, പാഠവായന, പദങ്ങൾ കണ്ടെത്തൽ, ചിത്രം വരച്ച് പേരെഴുതൽ, ചിത്രവായനയിലൂടെ ലഘുവാക്യങ്ങൾ വായിക്കൽ, എഴുതൽ

#### ഒക്ടോബർ

ചിത്രവായന, ചിത്രവിവരണം, വായനാക്കാർഡ് വായന

**നവംബർ**

വായനാക്കാർഡ് വായന, പാഠവായന, പത്രവായന

**ഡിസംബർ**

ചെറുവിവരണങ്ങൾ തയ്യാറാക്കൽ ഉദാ: ആന, വലിയആന...
വരികൾ കൂട്ടിച്ചേർക്കൽ, സംഭാഷണം എഴുതൽ

**ജനുവരി**

ചിത്രകഥ, ചെറുകഥകൾ കേൾക്കൽ, ചിത്രം നോക്കി പറയൽ, എഴുത്ത്

**ഫെബ്രുവരി**

കഥ പറയൽ, കഥ പൂർത്തിയാക്കൽ,
വാക്യങ്ങൾ യോജിപ്പിച്ച് വരക്കൽ

**മാർച്ച്**

കഥയുടെ ബാക്കി ഭാഗം കണ്ടെത്തൽ, എഴുതൽ,
കഥ വായിക്കൽ, പത്രവായന, പാഠവായന
വായനാക്കാർഡ് വായന

ചുമതല: ഹെഡ്മിസ്ട്രസ്, അധ്യാപിക, PTA, MPTA

## ഗണിതം    ക്ലാസ് 1

### ലക്ഷ്യം

- സംഖ്യാബോധം (1- 20), സങ്കലനം, വ്യവകലനം, സംഖ്യാവ്യാഖ്യാനം
- ഗണിതപഠനത്തിന് സഹായകരമായ തരത്തിൽ വസ്തുക്കൾ ശേഖരിച്ച് ഗണിതക്കിറ്റ് തയ്യാറാക്കുന്നു.

### പ്രവർത്തനങ്ങൾ

#### ജൂൺ

സംഖ്യകൾ തിരിച്ചറിയൽ, സംഖ്യാകാർഡ്, സംഖ്യാചിത്രം വരയ്ക്കൽ, സംഖ്യാഗാനം, സംഖ്യാമരം

#### ജൂലായ്

സംഖ്യകൾക്ക് അനുസരിച്ച് ചിത്രങ്ങൾ വരച്ച സംഖ്യാകാർഡ് 

, ഗണിതകിറ്റ് തയ്യാറാക്കൽ, ചിത്രങ്ങൾ ഒട്ടിക്കൽ, നിശ്ചിത എണ്ണം വരയ്ക്കൽ, സ്റ്റാമ്പിങ് ചിത്രങ്ങൾ, ഉല്ലാസഗണിതം

#### ആഗസ്റ്റ്

1 മുതൽ 20 വരെ സംഖ്യകൾ തിരിച്ചറിയൽ, വലിയ സംഖ്യ, ചെറിയ സംഖ്യ, കൂടുതൽ, കുറവ് ഗണിതകിറ്റ് ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടൽ

#### സെപ്റ്റംബർ

സംഖ്യാഗാനം, ചിത്രങ്ങൾ, വസ്തുക്കൾ ഉപയോഗിച്ച് സങ്കലനം, വ്യവകലനം ചെയ്യൽ, ചിഹ്നം + − പരിചയപ്പെടൽ, ഗണിതകിറ്റ്

## ഒക്ടോബർ

ഒറ്റസംഖ്യ, ഇരട്ട സംഖ്യ തിരിച്ചറിയൽ, ഉല്ലാസഗണിതം പ്രവർത്തനങ്ങൾ, കൂട്ടങ്ങളാക്കൽ, നിശ്ചിത കൂട്ടം എണ്ണിയെടുക്കൽ, കൂട്ടത്തിൽ എത്ര ? ചിത്രം വരയ്ക്കൽ

## നവംബർ

സംഖ്യാഗാനങ്ങൾ പാടൽ, ശേഖരിക്കൽ, worksheet നൽകൽ

## ഡിസംബർ

ആരോഹണ, അവരോഹണക്രമം, കൂട്ടൽ, കുറവ് കണ്ടെത്തി ക്രമത്തിലാക്കൽ

## ജനുവരി

കൂട്ടങ്ങളാക്കൽ, തുല്യ കൂട്ടം, രണ്ട് കൂട്ടങ്ങളാക്കൽ, ആകെ കണ്ടെത്തൽ, സങ്കലനം, വ്യവകലനം സംഖ്യാവ്യാഖ്യാനം

## ഫെബ്രുവരി

സങ്കലന, വ്യവകലന ക്രിയകൾ, സംഖ്യാപൂർത്തി, ഉല്ലാസഗണിതം

## മാർച്ച്

ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടൽ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി worksheet നൽകൽ, ICT പ്രവർത്തനങ്ങൾ

ചുമതല : പ്രധാനഅധ്യാപിക, അധ്യാപിക, PTA, MPTA.

# English Class I

## Aim

* Simple words, Simple Sentences, to Speak, Read and write make Sure these are in the Childrens.

## Activities

### June

* Simple words Introducing, provides picture Card

### July

* Says the familiar words, Reading familiar words.
* Writing familiar words.

### August

* Enjoys the Songs and Sings them with rhythm and action
* Describes orally about picture and objects using adjectives (colours, Shape, Small, big etc)

### September

* Reads and writes Simple words and Simple Sentences

### October

* provides picture Card and reading Card

### November

* Introduce a Simple picture description

### December

* Writes 5 English words daily.
* Simple instructions in the classroom

### January

* Animals and birds Collect pictures

* My picture dictionary is being prepared

## February

* provides the opportunity to express 'My Self' is the class room, in the Assembly.

## March

* can read and Write Simple Sentences
* picture reading
* My growing book, My picture dictionary, Reading Cards, Story book

## STD : II

## അക്കാദമിക് മാസ്റ്റർ പ്ലാൻ (മലയാളം)

**ലക്ഷ്യം** : വാക്കുകളെ ആശയപൂർണ്ണതയോടെ സംയോജിപ്പിച്ച് ഉണ്ടാവുന്നതാണ് വാക്യം.

### ജൂൺ

ചിത്രവായന, അക്ഷരകാർഡ്

### ജൂലായ്

പദകാർഡ്, പാഠവായന, വാക്യം കണ്ടെത്തൽ, ക്രമത്തിൽ എഴുതൽ

### ആഗസ്റ്റ്

വാക്യം എഴുതൽ, പാഠവായന, നിരന്തര മൂല്യനിർണ്ണയം

### സെപ്റ്റംബർ

ലഘുവാക്യങ്ങൾ വായിക്കൽ, എഴുതൽ
പാഠഭാഗം വായന

### ഒക്ടോബർ

വരികൾ കൂട്ടിച്ചേർക്കാം, സംഭാഷണം പൂർത്തിയാക്കൽ

### നവംബർ

ചിത്രം നോക്കി കഥയെഴുതൽ
സംഭാഷണം പൂർത്തിയാക്കൽ

### ഡിസംബർ

കഥ പൂർത്തിയാക്കൽ
ഊഹിച്ച് എഴുതൽ

ജനുവരി

കവിത പൂർത്തിയാക്കൽ

വാക്യങ്ങൾ എഴുതൽ

ഫെബ്രുവരി

CPTA [മാസ്റ്റർ പ്ലാൻ അവലോകനം]

മാർച്ച്

ചുമതല

ഹെഡ്മിസ്ട്രസ്, അധ്യാപിക, പിടിഎ,
എം. പി ടി എ

STD : II

അക്കാദമിക് മാസ്റ്റർ പ്ലാൻ . [മലയാളം]

ലക്ഷ്യം : ചിത്രത്തെ ആസ്പദമാക്കി കഥ, സംഭാഷണം, ലഘുവിവരണം എന്നിവ തയ്യാറാക്കുന്നു. ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്

ജൂൺ

ചിത്രകാർഡുകൾ നൽകൽ [ചിത്രവും പദവും ഉൾക്കൊണ്ടത്]
ഭാഷണത്തിന് ക്ലാസ്സിൽ അവസരമൊരുക്കൽ
വായനാസാമഗ്രികൾ നിർമ്മിക്കൽ

ജൂലായ്

ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.
സ്കൂൾ ലൈബ്രറി, ക്ലാസ്സ് ലൈബ്രറി സജ്ജീകരിക്കൽ

ആഗസ്റ്റ്

രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
വീട്ടുലൈബ്രറി ഒരുക്കൽ
ചിത്രവിവരണം

സെപ്റ്റംബർ
വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
വായിച്ച കഥയിൽ നിന്ന് സംഭാഷണം
ഒരുക്കൽ
വായിച്ച കഥയിൽ നിന്ന് ചോദ്യങ്ങൾ ചോദിക്കൽ
ഒക്ടോബർ
കേട്ടതോ വായിച്ചതോ ആയ കഥകൾ
സംഭാഷണങ്ങൾ സ്വന്തം ഭാഷയിൽ എഴുതുന്നതിന്
നവംബർ
കുട്ടികളിൽ സ്വതന്ത്ര്യമായ സർഗ്ഗാത്മക
പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള
അവസരം ഒരുക്കുന്നു.
എന്റെ വളരുന്ന പുസ്തകം തയ്യാറാക്കുന്നു
ഡിസംബർ
ഭാഷയുടെ വിവിധതലങ്ങളിൽ എത്തിക്കുന്നു.
ജനുവരി
ലഘുവിവരണം എഴുതുന്നതിനുള്ള അവസരം
പോസ്റ്ററുകൾ തയ്യാറാക്കുന്നു
ഫെബ്രുവരി
CPTA മാസ്റ്റർ പ്ലാൻ അവലോകനം
മാർച്ച്
ചുമതല
ഹെഡ്മിസ്ട്രസ്, അധ്യാപിക, പി ടി എ,
എം. പി ടി എ

STD : II

അക്കാദമിക് മാസ്റ്റർ പ്ലാൻ [ഗണിതം]

ലക്ഷ്യം : ഒരു നിശ്ചിതസംഖ്യയിൽ നിന്ന് എണ്ണുന്നു എഴുതുന്നു. സംഖ്യാബോധവും ക്രിയാശേഷിയും നേടിയെടുക്കുന്നതിന്

ജൂൺ

പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ, സ്ഥാനവില തിരിച്ചറിയൽ

ജൂലായ്

തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ, പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്കസംഖ്യ രൂപീകരിക്കൽ

ആഗസ്റ്റ്

പാറ്റേണുകൾ രൂപീകരിക്കുന്നു. സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തുന്നു.

സെപ്റ്റംബർ

ഗണിതകിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ വിലവിവരപ്പട്ടിക തയ്യാറാക്കൽ

## ഒക്ടോബർ

സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന
പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം
ചെയ്യുന്നു. ഗണിതാലപനം നടത്തൽ

## നവംബർ

നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ

## ഡിസംബർ

സംഖ്യാവ്യാഖ്യാനം ഉറപ്പിക്കൽ
അബാക്കസ് നിർമ്മിക്കൽ

## ജനുവരി

പ്രശ്നം നിർധാരണം ചെയ്ത്
തുക കണ്ടെത്തൽ രീതികൾ

## ഫെബ്രുവരി

ഉല്ലാസഗണിതം Materials ഉപയോഗിച്ച്
ഗണിത പ്രശ്നം പരിഹരിക്കൽ
കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം
ചെയ്യൽ

## മാർച്ച്

CPTA [മാസ്റ്റർ പ്ലാൻ അവലോകനം]
ചുമതല :- ഹെഡ്മിസ്ട്രസ്, അധ്യാപിക,
പി ടി എ, എം പി ടി എ

STD: II

## അക്കാദമിക് മാസ്റ്റർ പ്ലാൻ . [പരിസരപഠനം]

ലക്ഷ്യം : ചുറ്റുപാടുമുള്ള സസ്യങ്ങളെ നിരീക്ഷിച്ച് അവയുടെ പ്രത്യേകതകൾ കണ്ടെത്തുന്നു. ഈ പ്രത്യേകതകൾക്കനുസരിച്ച് സസ്യങ്ങളെ തരം തിരിക്കുന്നു. പട്ടികപ്പെടുത്തുന്നു.

### ജൂൺ

പരിസ്ഥിതിദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ, വളരുന്ന മരം നല്ല നാളേയ്ക്കു വേണ്ടി കവിത - ഒരു ചൊല്ലുന്നു, പ്രകൃതി നടത്തം, വിവിധ സസ്യങ്ങളുടെ ഫോട്ടോകളെടുത്ത് ക്ലാസ് ഗ്രൂപ്പിൽ പങ്കു വയ്ക്കുന്നു.

### ജൂലായ്

ഇലകൾ ശേഖരിച്ച് ക്ലാസ്സിൽ കൊണ്ടു വരുന്നു. അവയുടെ പേരുകൾ തിരിച്ചറിയുന്നു.

### ആഗസ്റ്റ്

ചില ഇലകൾ ഞെരടി കുട്ടികളെ മണപ്പിക്കുന്നു. ഊഹിച്ച് കണ്ടെത്തുന്നു. ഇല ആൽബം, ഇലപ്രിന്റ് ആൽബം ഇവ തയ്യാറാക്കുന്നു.

## സെപ്റ്റംബർ

ഒരു ചെടി പിഴുത് ക്ലാസിൽ കൊണ്ടു വരുന്നു. ചെടിയുടെ ഭാഗങ്ങൾ പരിചയപ്പെടുത്തുന്നു

## ഒക്ടോബർ

വിത്ത് മുളപ്പിക്കൽ. പരീക്ഷണം നിരീക്ഷിച്ച് ഓരോ ദിവസത്തെയും മാറ്റങ്ങൾ രേഖപ്പെടുത്തുന്നു.

## നവംബർ

ജലസസ്യങ്ങളെ പരിചയപ്പെടുത്തുന്നു
നോട്ടുബുക്കിൽ രേഖപ്പെടുത്തുന്നു

## ഡിസംബർ

സ്കൂളിൽ ഒരു സസ്യഉദ്യാനം. നടുന്ന ഭാഗങ്ങൾ പരിചയപ്പെടുന്നു.

## ജനുവരി

സസ്യങ്ങളുടെ പേരുകൾ നൽകി കുട്ടികളെ ഗ്രൂപ്പ് തരം തിരിക്കുന്നു. ഓരോ ഗ്രൂപ്പും അവരവർക്ക് ലഭിച്ച സസ്യങ്ങളെക്കുറിച്ച് പറയുന്നു. പതിപ്പിന് ആവശ്യമായ ചിത്രങ്ങളും കവിതകളും ഓരോ ഗ്രൂപ്പുകാരും കണ്ടെത്തുന്നു. പതിപ്പ് തയ്യാറാക്കുന്നു.

## ഫെബ്രുവരി

CPTA [വാർഷിക പ്ലാൻ അവലോകനം]

ക്ലാസ്സ് 4

## ഗണിതം അക്കാദമിക മാസ്റ്റർ പ്ലാൻ

### ലക്ഷ്യം

അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.

### ജൂൺ മാസം.

നാലക്ക സംഖ്യകളെ തിരിച്ചറിയുകയും വായിക്കുകയും എഴുതുകയും ചെയ്യുന്നു.
സംഖ്യാകാർഡുകൾ പരിചയപ്പെടുത്തുന്നു.
സ്ഥാനവില പോക്കറ്റ് – സംഖ്യകളെ ക്രമീകരിക്കൽ

### ജൂലായ് മാസം.

നാലക്കസംഖ്യകളുടെ പാറ്റേണുകൾ രൂപീകരിക്കൽ
കളിനോട്ടുകൾ ഉപയോഗിച്ചുള്ള ഗണിതകേളികളിൽ ഏർപ്പെടൽ.

### ആഗസ്റ്റ് മാസം

നാലക്കസംഖ്യകളുടെ സങ്കലനം. ഈ ലക്ഷ്യം നേടുന്നതിനായി കളിനോട്ട്, സംഖ്യാകാർഡ്, സ്ഥാനവിലപോക്കറ്റ് എന്നിവ ഉപയോഗിക്കുന്നു.

### സെപ്റ്റംബർ മാസം

രണ്ട് നാലക്ക സംഖ്യകൾ തമ്മിൽ വ്യത്യാസം കാണുന്നതിന് സംഖ്യാകാർഡ്, കളിനോട്ട് എന്നിവ ഉപയോഗിക്കുന്നു.

..ക്ടോബർ

വ്യവകലന ക്രിയയിൽ കടമെടുത്ത് ചെയ്യുന്നു. വ്യവകലനവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.

നവംബർ

സംഖ്യകൾ ആവർത്തിച്ച് കൂട്ടേണ്ടി വരുന്ന സന്ദർഭങ്ങൾ കണ്ടെത്തുന്നു. ഇതിനായി സംഖ്യകളുടെ എണ്ണം കൊണ്ട് ഗുണിക്കണം. ഗുണിക്കുന്നതിന് വ്യത്യസ്തമാർഗങ്ങൾ കണ്ടെത്തുന്നു.

ഡിസംബർ

ഹരണത്തിന്റെ വിവിധ രീതികൾ കണ്ടെത്തൽ
ഹരണവുമായി ബന്ധപ്പെട്ട ചെറിയ പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.

ജനുവരി

ഒരു കൂട്ടം നാലക്കസംഖ്യകളിലെ കൂടുതൽ കുറവ് കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ.

ഫെബ്രുവരി

ചതുഷ്ക്രിയകളുമായി ബന്ധപ്പെട്ട പ്രായോഗികപ്രശ്നങ്ങൾ പരിഹരിക്കൽ.

മാർച്ച്.

ഗണിതത്തെ ജീവിതവുമായി ബന്ധപ്പെട്ട സങ്കലനം, വ്യവകലനം, ഗുണനം, ഹരണം എന്നിവ ഉൾപ്പെടുന്ന വിലയിരുത്തൽ പ്രവർത്തനങ്ങൾ നടത്തുന്നു.

# ഗണിതം

* ഗണിതത്തെ കൂടുതൽ ആസ്വാദ്യകരമായ വിഷയമാക്കിത്തീർക്കാനും വിനോദാവസ്ഥ പരിപാലിക്കുന്നതിനുമായിട്ടുള്ള ഗണിത വിജയം, ഉല്ലാസ ഗണിതം തുടർന്നും നടപ്പാക്കുക
* വിനോദ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുക.
* രക്ഷിതാക്കളുടെ പിന്തുണ ഗണിത പഠനത്തിൽ ഉറപ്പ് വരുത്തുന്നു.
* സംഖ്യാ പാറ്റേണുകൾ എളുപ്പത്തിൽ ചെയ്യുന്നു. ഗുണനപട്ടിക ഉപയോഗം തിരിച്ചറിയുന്നു.
* ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.
* ദൈനംദിന ജീവിതത്തിൽ പ്രശ്നപരിഹാരണം നടത്തുന്നതിന് സങ്കലനം, വ്യവകലനം, ഗുണനം, ഹരണം എന്നിവ സഹായകമാകുന്നുവെന്ന് കുട്ടികൾ തിരിച്ചറിയുന്നു.
* വസ്തുക്കളെ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഹിക്കാനും വ്യാഖ്യാനിക്കാനുമുള്ള കഴിവ് കുട്ടികളിൽ വളർത്തുന്നു.
* ഗണിതപഠനം ലളിതമാണെന്ന് തിരിച്ചറിഞ്ഞ് അത് ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുന്നു.
* കൃത്യതയോടും സൂക്ഷ്മതയോടും കൂടി കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും പര്യാപ്തമാകുന്നു.
* ജ്യാമിതീയ, സംഖ്യാ പാറ്റേണുകൾ നിർമിക്കുന്നു.

* കുട്ടികൾ സ്വന്തമായി work sheet കൾ നിർമിക്കുകയും ക്ലാസിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.

* സംഖ്യാബോധം, സംഖ്യാ വ്യാഖ്യാനം, സങ്കലനം, വ്യവകലനം, ഗുണനം, ഹരണം, പ്രായോഗിക പ്രശ്ന പരിഹാരണം എന്നിങ്ങനെയുള്ള പഠന നേട്ടങ്ങൾ ലക്ഷ്യമിടുന്ന പ്രവർത്തനത്തിന് മുൻതൂക്കം നൽകുന്നു.

* ഗണിത ആശയങ്ങൾ കുട്ടികളിലേക്ക് എളുപ്പം കടന്നു ചെല്ലാൻ പഠനോപകരണങ്ങൾക്ക് ഏറെ സാധ്യതയുള്ളതിനാൽ രക്ഷിതാക്കൾ, കുട്ടികൾ etc തുടങ്ങിയവരുടെ സഹകരണത്തോടെ ഗണിതലാബ് ഒരുക്കി ഗണിതപഠനം എളുപ്പമാക്കുന്നു.

പ്രവർത്തന പദ്ധതികൾ

○ ഗണിതത്തോട് ഇഷ്ടം കൂട്ടാൻ മുത്തുകൾ, സ്ട്രൈലി ബോട്ടുകൾ, സംഖ്യാദർശന ടോക്കണുകൾ, ചിത്രകാർഡുകൾ സങ്കലന, വ്യാഖ്യാന കാർഡുകൾ, ഗെയിം ബോർഡുകൾ, ഡൈസുകൾ തുടങ്ങിയവ ഉപയോഗിച്ചുള്ള പ്രവർത്തനം.
○ സ്ഥാനവില പോക്കറ്റ് നിർമാണം.
○ ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടുത്തൽ
○ വർക്ക് ഷീറ്റുകൾ നിർമാണം, സങ്കലന പട്ടിക പ്രദർശനം, വിലവിവര പട്ടിക പ്രദർശനം, കേക്ക് പഴം, ലഡു etc നൽകി തുല്യമായി പങ്കുവെക്കൽ.

- ജ്യാമിതീയ രൂപങ്ങൾ വരയ്ക്കൽ
- സംഖ്യാ കാർഡുകൾ, ആവർത്തനവായന, പെയ്യുന്ന് ആബാക്കസ്, ചിത്ര സഹായങ്ങളോടെയുള്ള പഠനം.
- പേപ്പർ കട്ടിംഗ്സ്, സംഖ്യാ കാർഡുകൾ തമ്മിൽ കൂട്ടി സങ്കലനം, പത്തിന്റെ കൂട്ടങ്ങളാക്കൽ.
  കല്ല്, ഈർക്കിലി, വളപ്പൊട്ട് മഞ്ചാടി etc. ഗ്രൂപ്പുകൾ കൂട്ടിച്ചേർന്ന് സങ്കലനം, കുസൃതിക്കണക്കുകൾ.
- മട്ടക്കോണിന്റെയും മട്ടങ്ങളുടെയും ഉപയോഗം മനസ്സിലാക്കൽ. കമ്പ്യൂട്ടർ ഉപയോഗിച്ച് ഗണിതരൂപങ്ങൾ പരിചയപ്പെടുത്തൽ.
- സംഖ്യാ ചാർട്ടുകൾ, ഡൈസ്, സംഖ്യാ സ്ലിപ്പുകൾ, സംഖ്യാ കേളി, സംഖ്യാ മാല, പദസൂര്യൻ ഇവയുടെ നിർമ്മാണം.
- puzzle നിർമ്മാണം, ഗണിതകേളി, കടയിൽ നിന്ന് സാധനങ്ങൾ വാങ്ങി കൂട്ടാനും കുറയ്ക്കാനുമുള്ള പരിശീലനം
- വർക്ക് ഷീറ്റ് നിർമ്മിച്ച് പതിപ്പ് തയ്യാറാക്കുന്നു.
- ഗണിതകേളികൾ, ക്ലാസ് തലത്തിൽ ശില്പശാല. ഗണിതഗാനം, കുട്ടിക്കവിതകൾ ശേഖരണം, കണക്കിലെ കളികൾ ശേഖരണം, ജ്യാമിതീയ രൂപങ്ങൾ നിർമ്മാണം. ചതുരം, സമചതുരം, വൃത്തം, ത്രികോണം പരിചയപ്പെടൽ.
- ഗണിതശാസ്ത്രജ്ഞന്മാർ അവരുടെ സംഭാവനകൾ.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗണിതം - U.P

വസ്തുതകളെ സംഖ്യകൾ ഉപയോഗിച്ച് അപഗ്രഥിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നതാണ് ഗണിതപഠന സമീപനം. ജീവിതത്തിന്റെ എല്ലാ മേഖലകളെയും ഗണിതശാസ്ത്ര പഠനം വളരെയേറെ സ്വാധീനിക്കുന്നുണ്ട്. അർത്ഥപൂർണ്ണമായ ആശയ രൂപീകരണത്തിലൂടെ കുട്ടികളുടെ യുക്തി ചിന്ത വികസിപ്പിക്കുന്ന ഗണിതപഠന സമീപനമാണ് നാം സ്വീകരിക്കുന്നത്.

ലക്ഷ്യങ്ങൾ

* അടിസ്ഥാനപരമായി ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
* ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
* കരിക്കുലം വിഭാവനം ചെയ്യുന്ന ശേഷികൾ നേടിയെന്ന് ഉറപ്പാക്കുക.
* ആധുനിക സാങ്കേതിക വിദ്യകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുക.
* യുക്തിചിന്ത, ഗണിതചിന്ത, വിശകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ലക്ഷ്യം.

ചതുഷ്ക്രിയാ പ്രവർത്തനങ്ങൾ ഉറപ്പാക്കൽ.

## പ്രവർത്തനങ്ങൾ

### ജൂൺ

* ഗണിതത്തിന് നമ്മുടെ നിത്യജീവിതത്തിലുള്ള സ്ഥാനം എത്ര വലുതാണെന്ന് വ്യക്തമാക്കുന്നു. ICT സാധ്യതകൾ പരമാവധി ഉപയോഗിച്ച് ഗണിതപഠനം ലളിതമാണെന്ന് കുട്ടികളെ ബോധ്യപ്പെടുത്തുന്നു.

### ജൂലൈ

* സംഖ്യാ കാർഡുകൾ, ആവർത്തനവായന, എഴുത്ത് അഭ്യാസം, ചിത്ര സഹായത്തോടെയുള്ള ഗണിതപഠനം തുടങ്ങിയവയിലൂടെ സംഖ്യകളെ കൂടുതൽ വ്യക്തമായി പരിചയപ്പെടുത്തുന്നു.

### ആഗസ്റ്റ്.

* വസ്തുക്കളെ, പ്രായോഗിക പ്രശ്നങ്ങളെ എല്ലാം ഗണിതാശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനുമുള്ള കഴിവ് കുട്ടികളിൽ വളർത്താൻ സഹായകമായ പ്രവർത്തനങ്ങൾ നൽകുന്നു.

## സെപ്റ്റംബർ

* സങ്കലനത്തെ കൂടുതൽ ശക്തിപ്പെടുത്തുന്ന കളികളിൽ ഏർപ്പെടൽ, ഡൈസുകളി, സ്ഥാനവില പോക്കറ്റ് അബാക്കസ് മുതലായവയുടെ നിർമ്മാണം അവതരണം.

## ഒക്ടോബർ

* ഗണിത കഥകൾ പരിചയപ്പെടുത്തൽ, ക്രിയ ചെയ്ത് ഉത്തരം കണ്ടെത്തി നിറം കൊടുക്കൽ മാന്ത്രിക ചതുരം, ലഘുപാഠങ്ങൾ മുതലായവ പൂർത്തിയാക്കൽ.

## നവംബർ

* ഗുണന ക്രിയക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങൾ. കൂട്ടങ്ങളാക്കാനും, കൂട്ടിയിലാക്കാനുമുള്ള പ്രവർത്തനങ്ങൾ.

## ഡിസംബർ

* ഹരണ ക്രിയ ഉറപ്പിക്കൽ. സാധനങ്ങൾ വീതിച്ചുകൊടുക്കാനുള്ള പ്രവർത്തനങ്ങൾ,
* ഫ്രാക്ഷൻ ഡിസ്കുകൾ ഉപയോഗിച്ച് ഭിന്നസംഖ്യകളെ തിരിച്ചറിയൽ. വിവിധ ഭിന്നസംഖ്യകളുടെ സങ്കലനം, വ്യവകലനം സാധ്യമാക്കുന്ന പ്രവർത്തനങ്ങൾ.

## ജനുവരി.

* കൃത്യതയോടും സൂക്ഷ്മതയോടും കൂടി കാര്യങ്ങൾ ചെയ്യുന്നതിന്റെ പ്രാധാന്യം മനസിലാക്കുന്നതിനും അവ ചെയ്യുന്നതിനും പര്യാപ്തമാകുന്നു.
* ചതുഷ്ക്രിയകളെ അടിസ്ഥാനമാക്കി കുട്ടികൾ സ്വന്തമായി work sheet കൾ നിർമ്മിക്കുകയും അവ ക്ലാസിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.

## ഫെബ്രുവരി.

* ക്രിയകൾ മനക്കണക്കായി ചെയ്യാൻ പരിശീലിക്കുന്നു. സ്വന്തമായി വഴികൾ കണ്ടെത്തി അവതരിപ്പിക്കുന്നു. ഗണിത ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

## മാർച്ച്

* ചതുഷ്ക്രിയകൾ പ്രയോഗിച്ചുകൊണ്ടുള്ള പ്രശ്ന പരിഹരണ പ്രവർത്തനങ്ങൾ കുട്ടികൾ തന്നെ കണ്ടെത്തി പരിഹരിക്കുന്നു.
* ഗണിത പ്രോജക്ടുകൾ സംഘടിപ്പിക്കുന്നു.

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ക്ലാസ്സ് 4

## മലയാളം

**ലക്ഷ്യം :-** അക്ഷര സ്ഫുടതയോടെയും ഒഴുക്കോടെയും ആശയവ്യക്തതയോടെയും ഉള്ള വായന.

## പ്രവർത്തനങ്ങൾ

**ജൂൺ**

കുട്ടിക്ക് വായനാകാർഡ് നൽകുന്നു.
നിശബ്ദ വായന, ഉച്ചത്തിൽ വായന.

**ജൂലായ്.**

കുട്ടി രക്ഷിതാവിന് മുന്നിൽ വായനാകാർഡ് വായിച്ചു കേൾപ്പിക്കുന്നു.
കൂട്ടുകാർക്ക് മുന്നിൽ ഒഴുക്കോടെ വായിക്കുന്നു.

**ഓഗസ്റ്റ്**

കുട്ടിക്ക് കഥ പുസ്തകം നൽകുന്നു.

**സെപ്റ്റംബർ**

വായിച്ചറിഞ്ഞ ആശയം എല്ലാവർക്കും മുന്നിൽ അവതരിപ്പിക്കുന്നു.

**ഒക്ടോബർ.**

കുട്ടി വായിക്കുന്നതിന്റെ ഓഡിയോ/വീഡിയോ അയച്ചു തരുന്നു.

**നവംബർ.**

വായിച്ച കഥയിലെ കഥാപാത്രങ്ങളെ കുറിച്ചും കഥയെക്കുറിച്ചും അഭിപ്രായം പറയാൻ അവസരം നൽകുന്നു.

**ഡിസംബർ.**

കവിതയിലെ വർണ്ണനകളുടെ ഭംഗി മനസ്സിലാക്കാൻ അവസരം നൽകുന്നു.

**ജനുവരി**

കവിതകൾ കേൾക്കാനും രചിക്കാനും അവസരം ഒരുക്കുന്നു.

**ഫെബ്രുവരി**

CPTA - മാസ്റ്റർ പ്ലാൻ

**മാർച്ച്**

ചുമതല - ഹെഡ്മിസ്ട്രസ്, അധ്യാപിക, പി.ടി.എ, എം.പി.ടി.എ.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

UP - മലയാളം

ലക്ഷ്യം :- അക്ഷര സ്ഫുടതയോടെയും ഒഴുക്കോടെയും ആശയ വ്യക്തതയോടെയും കവിത വായിക്കാനും രചിക്കാനും ഉള്ള കഴിവ്.

## പ്രവർത്തനങ്ങൾ

**ജൂൺ .**

കുട്ടിക്ക് കവിത കേൾക്കാൻ അവസരം നൽകുന്നു.

**ജൂലായ് .**

കുട്ടി ഈണത്തിലും താളത്തിലും കവിത ചൊല്ലുന്നു, വ്യത്യസ്ത ഈണം കണ്ടെത്തുന്നു.

**ആഗസ്റ്റ് .**

കവിതയിൽ പുതിയ വരികൾ കൂട്ടിച്ചേർത്ത് വികസിപ്പിക്കുന്നു.

**സെപ്റ്റംബർ .**

അതേ താളത്തിലുള്ള മറ്റു കവിതകൾ കണ്ടെത്തി ചൊല്ലുന്നു.

**ഒക്ടോബർ**

കവിതയുടെ ആശയം മനസ്സിലാക്കി വിശദീകരണം നൽകുന്നു.

**നവംബർ .**

കവിതയുടെ ആശയം ഗ്രഹിച്ച് ആസ്വാദനക്കുറിപ്പ് എഴുതിക്കുന്നു

**ഡിസംബർ**

ക്ലാസ് റൂം ലൈബ്രറി ഒരുക്കുന്നു. ലൈബ്രേറിയൻ ആയി കുട്ടികളെ തന്നെ തിരഞ്ഞെടുക്കുന്നു.

**ജനുവരി**

കുട്ടിക്ക് ICT ഉപയോഗിച്ച് കഥ കാണാൻ അവസരം നൽകുന്നു.
കഥ എഴുതാൻ അവസരം നൽകുന്നു.

**ഫെബ്രുവരി**

CPTA - മാസ്റ്റർ പ്ലാൻ

**മാർച്ച്**

ചുമതല - ഹെഡ്മിസ്ട്രസ്, അധ്യാപിക, പി.ടി.എ, എം.പി.ടി.എ.

# സോഷ്യൽ സയൻസ്

## ലക്ഷ്യം

സാമൂഹ്യശാസ്ത്ര ലാബ് സജ്ജമാക്കൽ
SS club രൂപീകരണം.
ICTയിലൂടെ ഉചിതമായ ക്ലാസുകൾ നിർവഹണവിധേയമാക്കൽ
സാമൂഹ്യശാസ്ത്ര ലാബിൽ ഉണ്ടാകേണ്ട വിഭവങ്ങൾ list ചെയ്യൽ
(ശേഖരിക്കേണ്ടവ, നിർമ്മിക്കേണ്ടവ, വാങ്ങേണ്ടവ)
പഴയനാണയങ്ങൾ, കറൻസികൾ എന്നിവ ശേഖരിക്കൽ

## ICT പ്രവർത്തനസാധ്യതകൾ

ICT, വിഷയവുമായി ബന്ധപ്പെടുത്തി എങ്ങനെ ഉപയോഗിക്കാം എന്ന് SRGയിൽ ചർച്ചചെയ്യുന്നു.

- CWSN കുട്ടികളെ പരിഗണിക്കൽ

സാമൂഹ്യശാസ്ത്രമേളയിൽ മെറ്റീരിയലുകളുടെ list തയ്യാറാക്കൽ

- ചരിത്രസ്മാരക സന്ദർശനം, ചരിത്രപ്രാധാന്യമുള്ള സ്ഥലസന്ദർശനം
- ഗ്ലോബ് പരിചയപ്പെടൽ, അക്ഷാംശ, രേഖാംശരേഖകൾ അതുവഴി 10 ചോദ്യങ്ങളും ഉത്തരങ്ങളും നൽകുന്നു.
- കേരളത്തിലെ ജില്ലകൾ കുട്ടികൾ കണ്ടെത്തുന്നു, ഇന്ത്യയിലെ സംസ്ഥാനങ്ങൾ കണ്ടെത്തുന്നു, ലോകം-വൻകരകൾ കണ്ടെത്തുന്നു. വിവരണം തയ്യാറാക്കൽ, ചിത്രപ്പതിപ്പ്, കുറിപ്പ് തയ്യാറാക്കൽ, പതിപ്പ്, കാർട്ടൂൺ, flow chart.

ക്വിസ് - 3 മാസത്തിലൊരിക്കൽ, ചുമർപത്രം, കൊളാഷ്, ഫീൽഡ്ട്രിപ്പ് ഓരോ കുട്ടിയും അവരവരുടെ പ്രദേശത്തിന്റെ ചരിത്രം തയ്യാറാക്കുന്നു.

# മാസ്റ്റർ പ്ലാൻ - ഹിന്ദി

## മേഖല : അക്കാദമികം  ഉപമേഖല : ഹിന്ദി ഭാഷ

| നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യ വാരം | 5,6,7 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർധിപ്പിക്കൽ. CWSN,,SLOW LEARNERS കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ |
| 2 | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന , ഭാഷാപ്രവർത്തനങ്ങൾ . കാർഡ് കളികൾ(ചിഹ്നം ചേർത്ത് കാണിക്കുന്നത് ) പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു.CWSN,SLOW LEARNER കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയും കണക്കിലെടുത്തുകൊണ്ട് നടത്താവുന്ന പ്രവർത്തനപാക്കേജ്. | ജൂൺ രണ്ടാം വാരം ജൂൺ മൂന്നാം വാരം | 5,6,7 | ഹിന്ദി അധ്യാപകർ, മറ്റു ഭാഷാധ്യാപകർ | |
| 3 | ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക. അക്ഷരമാല , മാത്രകൾ | പ്രതിദിനം | 5,6,7 | ഹിന്ദി അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | എഴുതിപ്പിക്കുക, ദൈനംദിന വാക്കുകൾ ഹിന്ദി പരിശീലിപ്പിക്കുക. | | | | |
| 4 | CWSN,SLOW LEARNERS കുട്ടികൾക്കായി പ്രത്യേകം പസിലുകൾ, ഐസിടി മുഖാന്തിരം പലവർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം | ആഴ്ചയിൽ ഒരു പ്രാവശ്യം | 5,6,7 | ഹിന്ദി അധ്യാപകർ | |
| 5 | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക. | ആഴ്ചയിൽ ഒരു പ്രാവശ്യം | 5,6,7 | ഹിന്ദി അധ്യാപകർ | |
| 6 | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക, ഹിന്ദി അസംബ്ലി നടത്തുക. | ദിനാചരണവുമായി ബന്ധപ്പെട്ട് | 5,6,7 | ഹിന്ദി അധ്യാപകർ | |
| 7 | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | ജനുവരി | 5,6,7 | ഹിന്ദി അധ്യാപകർ | |
| 8 | പാഠഭാഗവുമായി ബന്ധപ്പെട്ട | പ്രതിദിനം | 5,6,7 | | |

| | | | | | |
|---|---|---|---|---|---|
| | ഓഡിയോ കേൾപ്പിക്കുക, ഹിന്ദിയിൽ അധ്യാപകർ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | | | ഹിന്ദി അധ്യാപകർ | |
| 9 | ഹിന്ദി നാടകോത്സവം<br>• കഥാവായന<br>• കഥാരചന<br>• അഭിനയപരിശീലനം<br>• ഹിന്ദി നാടകങ്ങൾ കാണാനുള്ള അവസരം<br>• വേദികളിൽ അവതരണത്തിന് അവസരം<br>• അധ്യാപക ഹിന്ദി നാടകോത്സവം | 1 വർഷം | 5,6,7 | ഹിന്ദി അധ്യാപകർ , ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ, PTA,രക്ഷിതാക്കൾ | |
| 10 | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം<br>• ഹിന്ദി ഡോക്യുമെന്ററി, | 6 മാസം | 5,6,7 | ഹിന്ദി അധ്യാപകർ , ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ | |

| | | | | | | |
|---|---|---|---|---|---|---|
| | സിനിമ കാണാനുള്ള അവസരം<br>• വാർത്തകൾ കാണാനുള്ള അവസരം | | | | | |

## മേഖല യു.പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) 5,6,7 ക്ലാസ് **അക്ഷര ബോധം ഉറപ്പിക്കൽ.** ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷര ങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | — |
| 2) **ഹിന്ദി വായന:** തെറ്റു കൂടാതെ ഹിന്ദി വായിക്കു വാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി. ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. ഹിന്ദി Learning room, Podcast എന്നിവ Samagra Portalൽ പരിചയപ്പെടുത്തുന്നു | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | — |
| 3) **ഹിന്ദി സംസാരം:** ഹിന്ദി യിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാ രിക്കാനുള്ള ഭാഷ പരിചയ പ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br>വായനയ്ക്ക്...........<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധ യോടെ അത് ശരിയാക്കി വായിക്കും.<br>Readery fight മത്സരവായന തെറ്റാതെ ആവർത്തി ക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | — |

വിഷയം സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ് | കാലയളവ് | ചിലവ് | മാർഗം |
|---|---|---|---|---|---|
| പഠനനേട്ടങ്ങൾഉറപ്പുവരുത്തുന്നതിന് | പഠനനേട്ടങ്ങൾഉറപ്പുവരുത്തുന്നതിന് മൂല്യനിർണയപ്രവർത്തനങ്ങൾനടത്തുന്നു | 1,2,3,4,5,6,7 | | | |
| | പരിമിതികൾകണ്ടത്തി പരിഹാരത്തിനാവശ്യമായപഠനോപകരണങ്ങൾനിർമ്മിക്കുന്നു | 1,2,3,4,5,6,7 | | 2000 | |
| | വാചനം,ലേഖനം എന്നീമേഖലകളിൽകൂടുതൽവർക്ക്ഷീറ്റുകൾലഭ്യമാക്കുന്നു അക്ഷരങ്ങളുടെ ഉച്ഛാരണം കേൾക്കുവാനും ലേഖനം കാണുവാനുംഅവസരം നൽകുന്നു | 1,2,3,4,5,6,7 | | 1000 | |
| പാഠഭാഗങ്ങൾ കൂടുതൽആകർഷകമായിപഠിക്കുന്നതിന് | പലതരംവർക്ക്ഷീറ്റുകൾസർക്കാർതയ്യാറാക്കിയതും മറ്റുള്ളവർതയ്യാറാക്കിയമികച്ചവയും ലഭ്യമാക്കുന്നു | 1,2,3,4,5,6,7 | | 500 | |
| | പാഠഭാഗങ്ങൾക്ക് സഹായകമായ വീഡിയോ,ഓഡിയോഭാഗങ്ങൾലഭ്യമാക്കുന്നു | | | | |
| | നല്ലആളുകളുമായി അഭിമുഖംനടത്തുന്നു | 1,2,3,4,5,6,7 | | | |
| | പ്രദർശനിസംഘടിപ്പിക്കുന്നു | 1,2,3,4,5,6,7 | | 2000 | |
| | പാഠഭാഗങ്ങളുമായിബന്ധപ്പെട്ട്പഠനയാത്രകൾനടത്തുന്നു | 1,2,3,4,5,6,7 | | 3000 | |
| കുട്ടികളുടെകലാപരമായകഴിവുകൾവളർത്തുന്നതിന് | നാടകം,കൂത്ത്തുടങ്ങിയവയുടെ വീഡിയോകാണുന്നതിന് അവസരം നൽകുന്നു | 1,2,3,4,5,6,7 | | | |
| | വിദഗ്ദ്ധരുടെ ക്ലാസുകൾസംഘടിപ്പിക്കുന്നു | 1,2,3,4,5,6,7 | | 3000 | |

വിഷയം സംസ്കൃതം

| | | | | | |
|---|---|---|---|---|---|
| | പുസ്തകങ്ങൾ ലഭ്യമാക്കുന്നു | 1,2,3,4,5,6,7 | | | |
| | ക്ലാസിലും,വിദ്യാലയത്തിലും അവതരിപ്പിക്കുന്നു | 1,2,3,4,5,6,7 | | | |
| മത്സരപരീക്ഷകൾക്ക്തയ്യാറാക്കൽ | ആനുകാലികങ്ങൾ വായിക്കാൻനൽകുന്നു | 1,2,3,4,5,6,7 | | 1000 | |
| | എല്ലാമാസവുംക്വിസ്മത്സരം നടത്തുന്നു | 1,2,3,4,5,6,7 | | | |
| | താത്പര്യമുള്ളകുട്ടികൾക്ക് കൂടുതൽക്ലാസുകൾലഭ്യമാക്കുന്നു | 1,2,3,4,5,6,7 | | | |
| | മാതൃകാചോദ്യപേപ്പറുകൾലഭ്യമാക്കുന്നു | 1,2,3,4,5,6,7 | | | |
| ക്ലാസ്റൂംആകർഷകമാക്കുന്നതിന് | പെയിന്റിങ്ങ് | 1,2,3,4,5,6,7 | | 5000 | |
| | ലൈബ്രറി ഒരുക്കുന്നു | 1,2,3,4,5,6,7 | | 2000 | |
| | സൌകര്യപ്രദമായഇരിപ്പിടംഒരുക്കുന്നു | 1,2,3,4,5,6,7 | | 5000 | |
| | കമ്പ്യൂട്ടർ,പ്രിന്റർ,എന്നിവഒരുക്കുന്നതിൻ | 1,2,3,4,5,6,7 | | 50000 | |
| പ്രത്യേകപരിഗണനഅർഹിക്കുന്ന വർക്കായുള്ളപ്രവർത്തനങ്ങൾ | പ്രത്യേകപരിഗണനഅർഹിക്കുന്നവർക്ക് അനുഗുണമായപഠനോപകരണങ്ങൾ നിർമിക്കുന്നു | 1,2,3,4,5,6,7 | | 1000 | |

# U.P. Social Science

## അക്കാദമിക് മാസ്റ്റർ പ്ലാൻ

### ലക്ഷ്യം :

സാമൂഹ്യ ശാസ്ത്ര പഠനത്തിലൂടെ സമൂഹത്തിലെ ഇന്നത്തെ പ്രതിസന്ധികളെ തരണം ചെയ്യാനും കുട്ടികളിൽ ധാർമ്മിക ബോധവും യുക്തി ചിന്തയും വളർത്താനും സമൂഹത്തിലെ പ്രധാന പ്രശ്നങ്ങളെ വിലയിരുത്താനും ചരിത്രപരമായ അവബോധങ്ങൾ ഉൾക്കൊള്ളാനും ഭൂമിശാസ്ത്രപരമായ സവിശേഷതകൾ മനസ്സിലാക്കാനും കഴിയുന്നു.

### ജൂൺ

ജൂൺ ആദ്യവാരം കുട്ടികളുടെ നിലവാരം മനസ്സിലാക്കാൻ പ്രീടെസ്റ്റ് നടത്തിയിരുന്നു. പിന്നീട് ആദിമ മനുഷ്യന്റെ ഉത്ഭവത്തെക്കുറിച്ചും ജീവിത രീതികളെക്കുറിച്ചും ക്ലാസ്സിൽ ചർച്ച സംഘടിപ്പിച്ചു. ശിലായുധങ്ങളെ ക്കുറിച്ച് മനസ്സിലാക്കി അവ ഉണ്ടാക്കാൻ അവസരം ഒരുക്കിയിരുന്നു.

ജൂലായ്

സമൂഹത്തിലെ ഉന്നതങ്ങളിലെത്തിയ പൂർവ്വവിദ്യാർത്ഥികൾ ഇപ്പോഴും ക്ലാസ്സിൽ വന്ന സന്ദേശങ്ങളും അവരുടെ ലക്ഷ്യവും മനസ്സിലാക്കാനും ടീച്ചർ വീഡിയോയിൽ വന്ന മാറ്റങ്ങൾ കുട്ടികളിൽ അവരുടെ അദ്ധ്യാപനത്തിന്റെ സംഭാവനകൾ അതിലെ വൈശിഷ്ട്യം ഉൾക്കൊണ്ടും ഇന്നത്തെ ടീച്ചറിന്റെ നിർദ്ദേശപ്രകാരം ചാന്ദ്രദിനം ചിത്ര സംഘടിപ്പിക്കുന്നു.

ആഗസ്റ്റ്

ദേശഭക്തിഗാനാലാപനം അവതരണം കളറിംഗും സ്കൂൾ പരിസരത്ത് നിർമ്മാണം സ്വാതന്ത്ര്യദിനാഘോഷവുമായി ബന്ധപ്പെട്ട് ക്വിസ് സംഘടിപ്പിക്കൽ

സെപ്റ്റംബർ

അദ്ധ്യാപകർക്ക് ആശംസകൾ നേരുന്ന കാർഡുകൾ ഓരോ ഉണർത്തുന്ന സന്ദേശങ്ങൾ പതിപ്പാക്കൽ ആശംസകൾ അവതരിപ്പിക്കൽ.

ഒക്ടോബർ

ലോക തപാൽ ദിനം തപാൽ വായന. തപാൽ സ്റ്റാമ്പുകൾ ശേഖരിക്കൽ കാര്യങ്ങൾ എഴുതി ക്ലാസിൽ അവതരിപ്പിക്കുന്നു.

നായന്മാർ

ജന്മിമാരുടെ കാര്യസ്ഥന്മാരും ജന്മിമാരുടെ അംഗരക്ഷകരും സൈനിക സേവനങ്ങളും ചെയ്തു വന്നവരായതിനാൽ ജന്മിമാരുടെ ഭൂമികൾ പരിപാലിച്ചിരുന്നു.

വിശ്വകർമ്മർ

ക്ഷേത്രനിർമ്മാണവും ഗൃഹ നിർമ്മാണവും നടത്തിപ്പോന്നത് ഇവർ ആയിരുന്നു.

ഈഴവർ

തെങ്ങിന്റെ സംരക്ഷണത്തോടെ ഉൽപ്പന്ന തെങ്ങ് കൃഷിയും തേങ്ങയുടെ കച്ചവടവും വ്യാപാരവും കൃഷിയും പരിപാലിച്ചിരുന്നു.

ചെട്ടിയാർ

സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ കരാറുകാരും വ്യാപാരികളും പിരിവുകാരുമായിരുന്നു. കൃഷി സ്ഥലങ്ങൾ സർക്കാരിന്റെ ഉദ്യോഗസ്ഥരായിരുന്ന ജന്മിമാരുടെ കയ്യിൽ ആയിരുന്നു അവ വിലയിരുത്തിയിരുന്നത്.

മാപ്പിള

സ്വാതന്ത്ര്യ സമര പ്രക്ഷോഭത്തിലൂടെ തിരഞ്ഞെടുത്ത് ഭരണത്തിൽ പങ്കാളികളായി ...

## അക്കാദമിക മാസ്റ്റർ പ്ലാൻ

## മേഖല UP ബേസിക് സയൻസ്

| SLNO | പ്രവർത്തനം | കാലം | ഏതൊക്കെ ക്ലാസ്സുകളിൽ ആണ് നടപ്പിലാക്കുന്നത് | ചുമതല | റിമാർക്സ് |
|---|---|---|---|---|---|
| 1 | സയൻസ് ക്ലബ് രൂപീകരണം . സയൻസ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സയൻസ് ക്ലബ് രൂപീകരിക്കുന്നു | ജൂൺ | 5,6,7 | സയൻസ് അധ്യാപകൻ **HM** | |
| 2 | കമ്പൊട്ടിക്കൽ ,പതി വയ്ക്കൽ ,മുകുളം ഒട്ടിക്കൽ എന്നീ വിവിധ കായിക പ്രജനന രീതികൾ പരിചയപ്പെടുത്താൽ .അ വ പരിശീലിപ്പിക്കൽ | ജൂൺ | 7 | സയൻസ് അധ്യാപകൻ **HM,** പഞ്ചായത്തു പ്രസിഡണ്ട്,ജ നപ്രതിനിധിക ൾ | |
| 3 | മൈക്രോ സ്കോപ്പ് പരിചയപ്പെടൽ ,ഉപയ ോഗിക്കാൻ പരിശീലിപ്പിക്കൽ<br><br>വിവിധ ഇലകളിലെ സ്റ്റോമാറ്റാ ,രക്ത കോശങ്ങൾ എന്നിവ മൈക്രോ സ്കോപ്പിലൂടെ നിരീക്ഷിക്കൽ<br>കുപ്പി റോക്കറ്റ് നിർമ്മാണം | ജൂലായ് | 5,6,7 | സയൻസ് അധ്യാപകൻ **HM,** | |
| 4 | ശാസ്ത്ര നാടകം -ശാസ്ത്രവും മാജിക്കും | ആഗസ്ററ് | 5,6,7 | സയൻസ് അധ്യാപകൻ **HM,** സയൻസ് ക്ലബ് ഭാരവാഹികൾ | |

| | | | | | |
|---|---|---|---|---|---|
| 5 | ശാസ്ത്ര നാടകം - രോഗങ്ങൾ വരാതിരിക്കാൻ അവയവ കവചങ്ങൾ | സെപ്തംബർ | 5,6,7 | സയൻസ് അധ്യാപകൻ **HM,**സയൻസ് ക്ലബ് ഭാരവാഹികൾ | |
| 6 | സ്കൂൾ ശാസ്ത്ര മേള ശാസ്ത്ര ക്വിസ് | ഒക്ടോബർ | 5,6,7 | സയൻസ് അധ്യാപകൻ **HM,** സയൻസ് ക്ലബ് ഭാരവാഹികൾ | |
| 7 | എമർജൻസി ലാംബ് നിർമ്മാണം **(Simple Circuite)** | നവംബർ | 5,6,7 | സയൻസ് അധ്യാപകൻ **HM,** സയൻസ് ക്ലബ് ഭാരവാഹികൾ | |
| 8 | സോപ്പ് നിർമ്മാണം | ഡിസംബർ | 5,6,7 | സയൻസ് അധ്യാപകൻ **HM,** സയൻസ് ക്ലബ് ഭാരവാഹികൾ | |
| 9 | ശാസ്ത്ര മാഗസിൻ കുട്ടികളുടെ ശാസ്ത്ര അറിവുകളും അവരുടെ പരീക്ഷണ നിരീക്ഷണ ചിത്രങ്ങളും ഉൾപ്പെടുത്തിയ ശാസ്ത്ര മാഗസിൻ | ജനുവരി | 5,6,7 | സയൻസ് അധ്യാപകൻ , സയൻസ് ക്ലബ് ഭാരവാഹികൾ **HM,** മറ്റു അധ്യാപകർ , **PTA** | |
| 10 | ദേശീയ ശാസ്ത്ര ദിനാചരണം | ഫെബ്രുവരി | 5,6,7 | സയൻസ് അധ്യാപകൻ , സയൻസ് ക്ലബ് ഭാരവാഹികൾ **HM,** മറ്റു അധ്യാപകർ , **PTA** | |
| 11 | ഒരു വർഷത്തെ മുഴുവൻ പ്രവർത്തനങ്ങളുടെയും ഭാഗമായി കുട്ടികൾ ആർജിച്ച പഠന നേട്ടങ്ങളും അവരുടെ ഉൽപ്പന്നങ്ങളും ഉൾപ്പെടുത്തി ശാസ്ത്ര പ്രദർശനം | മാർച്ച് | 5,6,7 | സയൻസ് അധ്യാപകൻ , സയൻസ് ക്ലബ് ഭാരവാഹികൾ **HM,** മറ്റു അധ്യാപകർ ,**P TA** | |